**നം-കെ.എസ്.എ.പി.റ്റി.എ-പി 8/733/16** **തീയതി 07-07-2016**

**പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ് ,1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ വി.കെ.ഷാജി<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | കെ.എസ്.എ.പി.റ്റി.എ / പി1/748(16)/2015തീയതി 22-10-2015 (വിശേഷണങ്ങളില്ലാത്ത് ) |

**<u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>**

തോട്ടപ്പുഴശ്ശേരി ഗ്രാമപ്പഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിലെ 17-04-2015 മുതൽ 20-06-2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.16അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| | ശ്രീ പ്രദീപ് കുമാർ.എൻ (ഓഡിറ്റ് ഓഫീസർ ) |
| 23-06-2016 മുതൽ 05-07-2016 വരെ | ശ്രീമതി.എസ്.ദീപ (സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | ശ്രീ. ഷൈജു . വൈ (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ അഡ്വ. റ്റി.കെ.രാമചന്ദ്രൻ നായർ | 01-04-2014 മുതൽ 31-03-2015 വരെ |
| **സെക്രട്ടറി** | ശ്രീ മധുസൂദന പണിക്കർ | 01-04-2014 മുതൽ 31-03-2015 വരെ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**<u>ഭാഗം 1: പൊതു അവലോകനം</u>**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**<u>ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**<u>ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ,ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**<u>ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

**<u>അനുബന്ധ രേഖകൾ</u>**

**1)റസിപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്**

**2)ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്**

**3)ബാലൻസ് ഷീറ്റ്**

**സൂചിക**


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **<u>ഭാഗം- 1</u>** | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |

| | | |
|---|---|---|
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തനത് വരുമാനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| | **ഭാഗം-2** | |
| 9 | വസ്തു നികുതി പരിഷ്ക്കരണം- അപാകതകൾ | 2-1 |
| 10 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 2-2 |
| 11 | അനർഹർക്ക് വസ്തുനികുതി ഇളവ് നൽകി. | 2-3 |
| 12 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-4 |
| 13 | ഡി&ഒ ലൈസൻസ് അപാകതകൾ | 2-5 |
| 14 | **പാറമടകളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നു.** | 2-6 |
| | **ഭാഗം-3** | |
| 15 | അംഗൻവാടി മെയിന്ററനൻസ്-അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് അധിക നിരക്ക് നൽകി. | 3-1 |
| 16 | നെൽവയലുകളിൽ നിന്നും വെള്ളം ഒഴുക്കി വിടേണ്ട വാളകത്ത് ചാൽ ചെളി നിറഞ്ഞ് അവഗണനയിൽ - ഫലം തലിശു നിലങ്ങൾ. | 3-2 |
| 17 | **ഐ.എ.വൈ പദ്ധതിക്ക് അധികമായി തുക അടവാക്കി** | 3-3 |
| 18 | പൾസ് പോളിയോ- സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവിട്ടു | 3-4 |
| 19 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും- നടപടിക്രമങ്ങൾ സുതാര്യമല്ല | 3-5 |
| 20 | നെൽപ്പാടങ്ങൾ തരിശ് കിടക്കുന്നു-കൃഷിയിറക്കാൻ നടപടികൾ ഇല്ല | 3-6 |
| 21 | ഏത്തവാഴയ്ക്ക് വളം -സബ്സിഡി മുൻകൂർ നൽകി | 3-7 |
| 22 | ഭവന നിർമ്മാണം -പൂർത്തീകരിച്ചില്ല. | 3-8 |
| 23 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി. | 3-9 |
| 24 | എം.എൻ ലക്ഷംവീട്- ഹൗസിംഗ് ബോർഡ് വിഹിതം- പൂർണ്ണമായും വിനിയോഗിച്ചില്ല. | 3-10 |

| | | |
|---|---|---|
| 25 | ഇ.എം.എസ് ഭവന പദ്ധതി - മൂന്ന് ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 3-11 |
| 26 | ഇ.എം.എസ് ഭവന പദ്ധതി (എസ്.സി)- തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. | 3-12 |
| 27 | തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്- തനത് ഫണ്ട് ചോർത്തുന്നു. | 3-13 |
| 28 | വെള്ളക്കരം -ഗ്രാമപ്പഞ്ചായത്തിന്റെയും വാട്ടർ അതോറിറ്റിയുടെയും കണക്കുകൾ വ്യത്യസ്തം | 3-14 |
| 29 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 3-15 |
| 30 | അന്വേഷണം കഴിഞ്ഞ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല | 3-16 |
| 31 | ആശ്രയപദ്ധതി രണ്ടാംഘട്ടം - ലഭിച്ച ഫണ്ട് അപര്യാപ്തം | 3-17 |
| | **ഭാഗം-4** | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 36 | ഓഡിറ്റ് റിക്കവറി | 4-5 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-6 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-7 |


# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി. | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)/ ചെലവ്. | | യഥാർത്ഥ തുക. | കുറവ്. | കുറവ് ശതമാനത്തിൽ |
|---|---|---|---|---|---|---|
| 2014-15 | 22-02-2014 | വരവ് | 73123000 | 44861273 | 28261727 | 38.65 |
| | | ചെലവ് | 70585500 | 34646916 | 35938584 | 50.91 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്ക് ഓരോ വർഷവും ജനുവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. 2014-15 വർഷത്തെ ബജറ്റ് 22-02-2014 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നംപർ തീരുമാനപ്രകാരം പാസ്സാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2014-15 ൽ വാർഷിക പദ്ധതിച്ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

മേൽ പറഞ്ഞ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ വിവിധ കാരണങ്ങളാൽ 15000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുകയും 202752/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

# 1-2 സാമ്പത്തിക വിശകലനം

2014-15സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 3290693 |
| വരവ് | 41570580 |
| ആകെ | 44861273 |
| ചെലവ് | 34646916 |
| നീക്കിയിരുപ്പ് | 10214357 |

# 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | 296437 | 6449000 | 6745437 | 5418890 | 1326547 | 80.33 |
| വികസന ഫണ്ട് (എസ്.സി.പി ) | 604008 | 2246000 | 2850008 | 2160008 | 690000 | 75.79 |
| വികസന ഫണ്ട് (റ്റി.എസ്.പി ) | 31000 | 36000 | 67000 | 50000 | 17000 | 74.63 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2 | 5819670 | 5819672 | 5571186 | 248486 | 95.73 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 209081 | 2380370 | 2589451 | 1491722 | 1097729 | 57.61 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 93627 | 4089443 | 4183070 | 3286620 | 896450 | 78.57 |
| പെർഫോമൻസ് ഗ്രാന്റ് | 75302 | 1776000 | 1851302 | 75302 | 1776000 | 4.07 |
| MNREGS | 22631 | 451344 | 473975 | 466802 | 7173 | 98.49 |

# 1-4 പദ്ധതി അവലോകനം

2014-15സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായിനടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | നടപ്പാക്കാത്തവ (എണ്ണം ) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 95 | 25088040 | 83 | 2 | 10 | 18711769 | 87.37 |

# 1-5 തനത് വരുമാനം

| ഇനം | 2013-14 | 2014-15 | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 2600738 | 3868116 | (+ 1267378) | (+48.73) |
| നികുതിയേതര വരവുകൾ | 408392 | 598344 | (+189952) | (+46.51) |
| മറ്റു വരവുകൾ | 3454784 | 4405654 | (+ 950870) | (27.52) |
| ആകെ | 6463914 | 8872114 | (+2408200) | (+37.26) |

# 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37680 | 26 |
| കർഷക തൊഴിലാളി പെൻഷൻ | 716955 | 93 |
| വിധവാപെൻഷൻ | 2736923 | 361 |
| 50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 108150 | 14 |
| വാർദ്ധക്യകാലപെൻഷൻ | 1489895 | 161 |
| വികലാംഗപെൻഷൻ | 1243620 | 109 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-06-2016 ൽ 11AM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസായ 17311/- രൂപയുടെ

കൃത്യത ബോധ്യപ്പെട്ടു

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിലെ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ ഡി.സി.ബി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ജനറൽ കമ്മിറ്റിയുടെയും മിനിറ്റ്സ് ബുക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടുണ്ട്. ഇൻക്യുംബെൻസി മാസ്റ്റർ രജിസ്റ്റർ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി മോണിറ്ററിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കി പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടുണ്ട്. എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും കൺവീനർ മുഖേനയാണ് ചെയ്തിരിക്കുന്നത്. ഒരു പൊതുമരാമത്ത് പ്രവൃത്തിക്ക് പോലും കൺവീനറുടെയോ ചെയർമാന്റെയോ പേരിൽ സംയുക്ത അക്കൗണ്ട് മുഖേനയല്ല പണമിടപാട് നടന്നിട്ടുള്ളത്. ജില്ലയിൽ ഏറ്റവുമധികം നീർത്തടങ്ങളുള്ള ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയിലെ പ്രോജക്ടുകൾ തുലോം കുറവാണ്. കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം ലഭ്യമാകുന്ന വിധത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തധികൃതർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പരിഷ്ക്കരണം- അപാകതകൾ

വസ്തുനികുതി 1-4-2013 മുതൽ പുതുക്കിയ നിരക്കിൽ ഈടാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 16-12-2015 ലെ സ.ഉ.(എം.എസ്) നംപർ 358/15/തസ്വഭവ ആയി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 2000 ചതുരശ്ര അടി വരെ തറവിസ്തീർണ്ണമുള്ളതും ഏറ്റവും ഒടുവിൽ വസ്തുനികുതി പുനർനിർണ്ണയിച്ചശേഷം ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടില്ലാത്തതുമായ വീടുകൾക്ക് 1-4-2013 ന് മുമ്പ് നിലവിലുണ്ടായിരുന്ന വസ്തുനികുതി ഈടാക്കിയാൽ മതിയാകുന്നതാണ്. 2000 ചതുരശ്ര അടിയ്ക്ക് മുകളിൽ തറവിസ്തീർണ്ണമുള്ള സംഗതിയിൽ ഈയിനം വീടുകൾക്ക് നിലവിലുള്ള നികുതിയും, അതിന്റെ 25 % അധിക നികുതിയും ഈടാക്കേണ്ടതാണ്. മറ്റ് സംഗതികളിൽ, ഏറ്റവും ഒടുവിലെ വസ്തുനികുതി പുനർനിർണ്ണയത്തിന് ശേഷം കെട്ടിടത്തിൽ കൂട്ടിച്ചേർക്കൽ / ഘടനാപരമായ മാറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ വിസ്തൃതി പെർമിറ്റ് / അസസ്സ്മെന്റ് രജിസ്റ്ററുകളുമായി ഒത്തുനോക്കി തിട്ടപ്പെടുത്തിയശേഷം പുതുക്കിയ നിരക്കിലുള്ള നികുതി നിർണ്ണയിക്കേണ്ടതാണ്.

മേൽസൂചിപ്പിച്ച കാര്യങ്ങൾ പരിശോധിച്ച് 'സഞ്ചയ' സോഫ്റ്റവെയറിന്റെ ഡാറ്റാബേസിലുള്ള വിവരങ്ങൾക്ക് ആവിശ്യമായ മാറ്റം അടിയന്തിരമായി വരുത്തണമെന്നും നികുതി നിർണ്ണയ നടപടികൾ 2015 ഡിസംബർ 31 നകം പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ 13 വാർഡുകളിലായി ആകെ 5705 കെട്ടിടങ്ങൾ ഉള്ളതിൽ 5134 കെട്ടിടളുടെ വസ്തുനികുതി മാത്രമാണ് പുതുക്കി നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുള്ളത്. 2014-15,2015-16 വർഷങ്ങളിൽ പിരിച്ചെടുത്ത വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് അടിയന്തിരമായി പൂർത്തിയാക്കേണ്ടതും എല്ലാ വീടുകളുടെയും കരം 16-12-2015 ലെ സ.ഉ.(എം.എസ്) നംപർ 358/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുന:ക്രമീകരിക്കേണ്ടതുമാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചില്ല ; പഞ്ചായത്തിനു വരുമാനനഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽടവറുകളുടെ വസ്തുനികുതി പുതിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിച്ചുവെങ്കിലും ആയത് പ്രകാരം ഈടാക്കി തുടങ്ങിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നു. ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്.

നിലവിൽ പ്രവർത്തിച്ചുവരുന്ന ടവറുകളുടെയും അവയ്ക്ക് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരിക്കുന്ന വസ്തു നികുതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | നിർണ്ണയിച്ചിട്ടുള്ള നികുതി |
|---|---|---|
| II/364 | വൊഡാഫോൺ | 7200/- |
| VII/49A | എയർടെൽ | 9000/- |
| VI/101 | ഐഡിയ | 4200/- |
| IX/218 | റിലയൻസ് | 9750/- |
| III/393A | ഐഡിയ | 9000/- |
| X1/332B | റിലയൻസ് | 9750/- |

മൊബൈൽടവറുകളുടെയും അനുബന്ധ ഡി.ജി. റൂം, ഷെൽറ്റർ എന്നിവയുടെയുംകൂടി പ്ലിന്ത് ഏരിയ അളന്നു തിട്ടപ്പെടുത്തി വസ്തുനികുതി അടിയന്തിരമായി പുനർനിർണ്ണയിക്കുകയും കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

## 2-3 അനർഹർക്ക് വസ്തുനികുതി ഇളവ് നൽകി

ജി.ഒ (എം.എസ്) 242/2013/ത.സ്വ.ഭ.വ തീയതി 02-07-2013 നമ്പർ ഉത്തരവ് പ്രകാരം വിമുക്തഭടന്മാരുടെ 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമെ വസ്തു നികുതി ഇളവ് നൽകാൻ പാടുള്ളൂ. പഞ്ചായത്ത് ഡയറക്ടർക്കുള്ള ഗവ.ലെറ്റർ നം-4559/എൻ 2/06/ത.സ്വ.ഭ.വ പ്രകാരം വിമുക്ത ഭടന്മാർക്കുള്ള വസ്തു നികുതി ഇളവ് പാരാമിലിറ്ററി ജീവനക്കാർക്ക് ബാധകമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവുകൾക്ക് വിരുദ്ധമായി 2014-15 സാമ്പത്തിക വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വസ്തുനികുതി കുറച്ച് നൽകിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

| പേരും വിലാസവും | വീട്ട് നമ്പർ | വസ്തുനികുതി ഒഴിവാക്കിയ തീരുമാനം നമ്പർ | അപാകതയുടെ വിവരം |
|---|---|---|---|
| രാജൻപിള്ള | V/243A | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28-05-2015ലെ III(1) നമ്പർ തീരുമാനം | ടിയാൻ ഗ്രഫിലെ (ജനറൽ റിസർവ് എൻജിനീയറിംഗ് ഫോഴ്സ് ) |

| | | | |
|---|---|---|---|
| രാജ് നിവാസ്<br>ചിറയിറമ്പ്.പി.ഒ | | | ജീവനക്കാരനായിരുന്നു. |
| സതീഷ് ചന്ദ്രൻ<br>മണി മന്ദിരം<br>തടിയൂർ.പി.ഒ | III/150 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 29-10-2015 ലെ III(1)നമ്പർ തീരുമാനം | ടിയാൻ ആസ്സാം റൈഫിൾസിലെ ജീവനക്കാരനായിരുന്നു. |

രണ്ട് വ്യക്തികൾക്കും സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ ഇളവ് ഒഴിവാക്കേണ്ടതും ഇളവ് നൽകിയ വസ്തുനികുതി പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 2-4 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 10 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു റേഷൻ കട മാത്രമാണ് പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളത്. ബാക്കിയുള്ള റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ്- അപാകതകൾ

ട്രെഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം 190 ആണ്. എന്നാൽ ലൈസൻസ് ഫീ ഒടുക്കിയ സ്ഥാപനങ്ങളുടെ എണ്ണം 130 മാത്രമാണ്. ടി കണക്കുകൾ പ്രകാരം തന്നെ 60 സ്ഥാപനങ്ങൾ ലൈസൻസ് ഫീ ഒടുക്കിയിട്ടില്ല.ഏതാനം സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വ്യാപാരസ്ഥാപനം/ വ്യാപാരിയുടെ പേര് | വാർഡുനമ്പരും സ്ഥലവും | വ്യാപാര ഇനം |
|---|---|---|
| ശിൽപ്പാ ഫർണീച്ചർ മാർട്ട് | VI/ മാരാമൺ | ഫർണീച്ചർ വ്യാപാരം |

| | | |
|---|---|---|
| ടോംസ് സൈക്കിൾസ് | VI/ മാരാമൺ | സൈക്കിൾ വ്യാപാരവും റിപ്പയറിംഗും |
| തോണേലിൽ ടയർ വ്യാപാരം | VI/ മാരാമൺ | ടയർ വ്യാപാരം |
| രഞ്ജിത്.ആർ<br>മാരാമൺ ഫർണീച്ചർ | VI/ മാരാമൺ | ഫർണീച്ചർ വ്യാപാരം |
| ബഷീർ.എസ് | VI/ മാരാമൺ | വാഴക്കുല മൊത്തവ്യാപാരം |
| മഹേഷ് ജോർജ്ജ് മാത്യു | XIII/ കുറിയന്നൂർ | ബേക്കറി |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും ലൈസൻസ് ഫീ ,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ ഗ്രാമപഞ്ചായത്തധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്

## 2-6 പാറമടകളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നു

2014-15 സാമ്പത്തിക വർഷം എ.ജെ.എബ്രഹാമിന്റെ ഉടമസ്ഥതയിലുള്ള ഷാനിയോ മെറ്റൽ ക്രഷിംഗ് യൂണിറ്റ്, പോബ്സ് ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള പനച്ചയിൽ ഇൻഡസ്ട്രീസ് എന്നീ പാറമടകൾക്കാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയത്. ഷാനിയോ മെറ്റൽ ക്രഷിംഗ് യൂണിറ്റിൽ നിന്നും ലൈസൻസ് ഫീ -200/- രൂപ, 40H.P മോട്ടോർ ഫീ ഇനത്തിൽ 300/- രൂപ ഉൾപ്പെടെ ആകെ 500/- രൂപയാണ് ഈടാക്കിയത്. ലൈസൻസിലുള്ള അപേക്ഷയിൽ സ്ഥാപനത്തിന്റെ ഒരു ദിവസത്തെ വിറ്റുവരവായി കാണിച്ചിരിക്കുന്നത് 75000/- രൂപയാണ്. ഇത് പ്രകാരം 2000/- രൂപ ലൈസൻസ് ഫീയായി ഈടാക്കാവുന്നതാണ്. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പരമാവധി ലൈസൻസ് ഫീയായ 4000/- രൂപ ഈടാക്കേണ്ടതാണ്.

പോബ്സ് ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള പനച്ചയിൽ ഇൻഡസ്ട്രീസ് എന്ന പാറമടയിൽ നിന്നും ലൈസൻസ് ഫീ -200/- രൂപ, 124H.P മോട്ടോർ ഫീ ഇനത്തിൽ 2000/- രൂപ ഉൾപ്പെടെ ആകെ 2200/- രൂപയാണ് ഈടാക്കിയത്. ടി സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിൽ യന്ത്രത്തിന്റെ കുതിരശക്തിയായി കാണിച്ചിരിക്കുന്നത് 384HP യാണ്. ഇത് പ്രകാരം ഈടാക്കേണ്ട മോട്ടോർ ഫീ 3840/- രൂപയാണ്. ടി സ്ഥാപനത്തിൽ നിന്നും പരമാവധി ലൈസൻസ് ഫീയായ 4000/- രൂപ ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗൻവാടി മെയിന്റനൻസ്-അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് അധിക നിരക്ക് നൽകി.

85 -ാം നംപർ അംഗൻവാടിയുടെ മെയിന്റനൻസിന്റെ ഭാഗമായി അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി.

16 -ാം വാർഡിലെ 85 -ാം നംപർ അംഗൻവാടിയുടെ മെയിന്റനൻസിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം പദ്ധതി നടപ്പാക്കിയത് കരാറുകാരൻ മുഖേന ആയിരുന്നു. ടെണ്ടർ നടപടികളിലൂടെ എസ്റ്റിമേറ്റ് നിരക്കിൽ ജോസഫ് തോമസ്, കൊടിയൂർ, പുല്ലാട് എന്ന കരാറുകാരനെ പ്രവൃത്തി ഏൽപിച്ചു. (എഗ്രിമെന്റ് നംപർ - 23 /AE/LSGD/26-12-14. ) കെട്ടിടത്തിന് പാരപ്പെറ്റ് കെട്ടി തേക്കുക, മേൽക്കൂര പ്ലാസ്റ്ററിംഗ്, കതകുകളും ജനാലകളും, തറ ടൈൽസ് പാകൽ, ഭിത്തിക്ക് വൈറ്റ് സിമെന്റ്, ടോയ് ലറ്റിന് പി.വി.സി ഡോർ, സാനിറ്ററി / കുടിവെള്ള സൗകര്യങ്ങൾ എന്നീ പ്രവൃത്തികളാണ് ചെയ്തത്. 493960 രൂപ പ്രവൃത്തിമൂല്യം നിർണ്ണയിച്ച് 21-2-2015ലെ ബിൽ പ്രകാരം (ബിൽ നംപർ ട്രഷറി ബിൽ ബുക്കിലും ബില്ലിന്റെ പകർപ്പിലും രേഖപ്പെടുത്തിയിട്ടില്ല.) 459383 രൂപ കരാറുകാരന് പ്രതിഫലം ഇനത്തിൽ നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ 48 ാം മത് ഇനമായി 0.46 എം.എം കനത്തിലുള്ള അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് 100.13 ച. മീറ്റർ വിസ്തൃതിയിൽ ( 2 x 13.35 m x 3.75 m) ആണ് റൂഫിംഗ് നടത്തിയിട്ടുള്ളത് എന്ന് ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആയതിന് 10165 / 10 ച.മീ. നിരക്കിൽ 101782 രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്. എന്നാൽ 0.46 എം.എം കനത്തിലുള്ള ഈയിനം ഷീറ്റിന് 10 ച.മീറ്ററിന് 6894 രൂപ (കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടെ) മാത്രമാണ് അനുവദനീയം. വിശദാംശം ചുവടെ ചേർക്കുന്നു.

മാർക്കറ്റിൽ ലഭ്യമായ 3 m നീളമുള്ളതും, 0.95 m വീതിയുള്ളതും, 0.46 mm കനമുള്ളതുമായ അലൂമിനിയം ട്രഫോർഡ് ഷീറ്റിന്റെ ഭാരം 4.2 Kg ആണ്. അതായത്, 2.85 ച.മീറ്റർ ഉള്ള പ്രസ്തുത ഷീറ്റിന്റെ ഭാരം 4.2 Kg ആണ്. ആയതിനാൽ 1

ച.മീറ്റർ ഷീറ്റിന്റെ ഭാരം 1.473 Kg ആണ്.

<u>ഒബ്സർവ്ഡ് ഡാറ്റാ.</u>

| | |
|---|---|
| 11.5 ച.മീ.അലൂമിനിയം ട്രഫോർഡ് (powder coated) ഷീറ്റിന്റെ വില<br>11.5 x 1.473 Kg=16.939 Kg @280/Kg | 4742.92 |
| 22 nos GI Bolt, 0.733 Kg @81/Kg | 59.37 |
| 22 nos Bitumin Washer @ 2/10 nos | 4.4 |
| 16.939 Kg അലൂമിനിയം ഷീറ്റിന്റെ കടത്തുകൂലി @ 323 / ടൺ | 5.47 |
| ലേബർ | |
| 1.35 nos കാർപ്പെന്ററർ @ 500 / E | 675 |
| 1.35 nos പൂരുഷൻ @ 377 /E | 508.95 |
| ആകെ | 5995 |
| കരാറുകാരന്റെ ലാഭവിഹിതം 10 % + ഓവർഹെഡ് ചാർജ് 5 % | 899.25 |
| അനുവദനീയമായ നിരക്ക് 10 ച. മീറ്ററിന് | 6894.25 = 6894 |

10 ച.മീറ്ററിന് 6894 രൂപ നിരക്കിൽ 100.13 ച.മീറ്ററിന് 69030രൂപ മാത്രമാണ് പ്രതിഫലം നൽകാവുന്നത്. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി നിരക്ക് നിർണ്ണയിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് |
|---|---|
| 10.5 Sq.metre Aluminium Sheet @ Rs 745 / Sq.metre | 7822.5 |
| 22 Nos GI Bolt (.46 Kg) @Rs 62 / Kg | 28.52 |
| 22 Nos Bitumin Washer & Rs 3 / 10 No | 6.6 |
| 1.2 No Carpenter @ Rs 500 / E | 600 |
| 1.2 No Man @ Rs 377 / E | 452.4 |
| 15.435 Kg Conveyance @ Rs 323 / Ton | 4.98 |
| Total | 8915 |
| Add 15 % CP and Overhead charge | 1337.25 |

| | |
|---|---|
| Total | 10252 / 10 Sq.metre |

(മേൽസൂചിപ്പിച്ച നിരക്ക് 10 ച.മീറ്ററിന് 10165 രൂപ എന്ന് പരിമിതപ്പെടുത്തിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്.)

റൂഫിംഗിന് ഉപയോഗിക്കേണ്ട അലൂമിനിയം ഷീറ്റിന്റെ ഗേജ് എത്രയെന്ന് നിരക്കിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റായിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ എസ്റ്റിമേറ്റിൽ .46 എം.എം എന്ന് കനം രേഖപ്പെടുത്തിയാണ് 10 ച.മീറ്ററിന് 10165 രൂപ നിരക്ക് ഉൾപ്പെടുത്തി ആയതിന് അംഗീകാരം വാങ്ങിയത്.ഇപ്രകാരം തെറ്റായ നിരക്ക് ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് അംഗീകരിച്ചതിന് അസി. എക്സി. എഞ്ചിനിയർ കൂടി നിർവ്വഹണ ഉദ്യോഗസ്ഥനൊപ്പം ഉത്തരവാദിയാണ് എന്ന് വിലയിരുത്തുന്നു. അധികം നൽകിയ തുക 32752രൂപ (101782 - 69030 ) കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അതുവരെ 32752 രൂപയുടെ ചെലവിന് ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുന്നു.

## 3-2 നെൽവയലുകളിൽ നിന്നും വെള്ളം ഒഴുക്കി വിടേണ്ട വാളകത്ത് ചാൽ ചെളി നിറഞ്ഞ് അവഗണനയിൽ - ഫലം തരിശു നിലങ്ങൾ.

പത്താം വാർഡിലെ വെള്ളങ്ങൂർ പാടശേഖരത്തിൽ നിന്നും വെള്ളം ഒഴുക്കി വിടുന്നതിനുള്ള പരമ്പരാഗത ചാൽ ചെളി നിറഞ്ഞ് മൂടിയ നിലയിൽ. വെള്ളം പോകാത്ത നിലയിൽ 200 ഏക്കർ പാടശേഖരം തരിശുനിലമായി മാറി.

ഗ്രാമപ്പഞ്ചായത്തിലെ നെടുമ്പ്രയാർ നീർത്തടത്തിൽ ഉൾപ്പെട്ടതും 10 -ാം വാർഡിൽ ഉള്ളതുമായ 200 ഏക്കറോളം നെൽവയലുകളിൽ (വെള്ളങ്ങൂർ പാടശേഖരം) പ്രതിവർഷം രണ്ട് തവണ നെൽകൃഷി ചെയ്തിരുന്നതാണ്. പാടശേഖരത്ത് നിന്നും തോട്ടിലേക്കും അതുവഴി പമ്പയാറ്റിലേക്കും വെള്ളം ഒഴുക്കി വിടുന്നതിനായി പത്ത് ഏക്കറിലധികം വിസ്തൃതിയുള്ള , വാളകത്ത് ചാൽ എന്ന പേരിൽ അറിയപ്പെടുന്ന , ഈ പരമ്പരാഗത ജലനിർഗമന മാർഗം ഇന്ന് ചെളി നിറഞ്ഞ് മൂടിയ നിലയിലാണ്. നെൽവയലുകൾ വെള്ളം നിറഞ്ഞ് കൃഷിയോഗ്യമല്ലാതായതിനാൽ വർഷങ്ങളായി ഇവ തരിശുനിലം എന്ന പേരിൽ മുദ്ര കുത്തപ്പെട്ടു.

വാളകത്ത് ചാൽ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണെന്നും പത്തേക്കറിൽ കൂടുതൽ വിസ്തൃതിയുണ്ടെന്നും കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഓഡിറ്റിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന് ഈ വിഷയത്തിൽ യാതൊരു വ്യക്തതയുമില്ല. ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ചാലിന്റെ യഥാർത്ഥ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തുന്നതിനും ചാലിൽ നിറഞ്ഞ് കിടക്കുന്ന ചെളി നീക്കം ചെയ്ത് നെൽ വയലുകൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിനും യാതൊരു ശ്രമവും നടത്തിയിട്ടില്ലായെന്നതും ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു.

കോയിപ്രം ബ്ളോക്ക് പഞ്ചായത്തിന്റെ സംയോജിത നീർത്തട പരിപാലന പദ്ധതിക്കായുള്ള ഫണ്ടിനത്തിൽ (IWMP) നിലവിൽ 4.5 കോടി രൂപ നീക്കിയിരുപ്പുണ്ടെങ്കിലും ഇതിൽ ഉൾപ്പെടുത്തി വാളകത്ത് ചാലിന്റെ പുനരുദ്ധാരണത്തിന് പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രമമുണ്ടായില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികളുടെ 60 $ നിർബന്ധമായും കൃഷിക്ക് വകയിരുത്തണമെന്ന് 2016-17 ലെ മാസ്റ്റർ സർക്കുലർ പ്രകാരം കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട്. (ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക 4(2): NREGA സ്റ്റേറ്റ് മിഷന്റെ 31-03-2016 ലെ 1926/EGSC/14/REGS നമ്പർ സർക്കുലർ ) ഈ പശ്ചാത്തലത്തിൽ, ചാലിന്റെ പുനരുദ്ധാരണത്തിലൂടെ, പ്രസ്തുത പാടശേഖരത്തിനെ തൊഴിലുറപ്പ് പദ്ധതി വഴി നെൽകൃഷിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

സംയോജിത നീർത്തട പരിപാലന പദ്ധതി, മൈനർ ഇറിഗേഷൻ വകുപ്പിന്റെ പദ്ധതി എന്നിവ സംയോജിപ്പിച്ച് വാളകത്ത് ചാൽ പൂർണ്ണമായി പുനരുദ്ധരിക്കേണ്ടതും, പ്രസ്തുത പാടശേഖരങ്ങൾ കൃഷിക്ക് ഉപയുക്തമാക്കേണ്ടതുമാണ്. കൂടാതെ, വാളകത്ത് ചാലിന്റെ യഥാർത്ഥ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി ആയി ഏറ്റെടുക്കേണ്ടതുമാണ്.

## 3-3 ഐ.എ.വൈ പദ്ധതിക്ക് അധികമായി തുക അടവാക്കി.

2014-15 സാമ്പത്തിക വർഷം ഐ.എ.വൈ പദ്ധതി- അധിക വിഹിതം അടവാക്കുന്നതിനായി(എസ്.സി.പി വിഭാഗം) പ്രോജക്ട് പ്രകാരം 585000/- രൂപ ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നമ്പരും പേരും | അടവാക്കിയ തുക | ഡി.ഡി നമ്പരും തീയതിയും |
|---|---|---|---|
| 1 | ഐ.എ.വൈ അധിക വിഹിതം (എസ്.സി.പി) | 585000/- | 854358/18-12-2014 |

ഐ.എ.വൈ അധിക വിഹിതം (എസ്.സി.പി) വിഭാഗത്തിൽ 13 ഗുണഭോക്താക്കളാണ് 2014-15 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിൽ ഉണ്ടായിരുന്നത്.ടി സാമ്പത്തിക വർഷം 200000/- രൂപയായിരുന്നു ഭവനനിർമ്മാണത്തിന് എസ്.സി.പി വിഭാഗത്തിലെ ഒരു ഗുണഭോക്താവിനുള്ള സബ്സിഡി. ആയതിന് കേന്ദ്ര സർക്കാർ വിഹിതമായ 70000/- രൂപ കിഴിച്ച് ബാക്കി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത 25:40:35 എന്ന അനുപാതത്തിൽ ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ യഥാക്രമം വഹിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് നം- 257/13 എൽ. എസ്.ജി.ഡി തീയതി 24-03-2012 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം 32500/- രൂപയാണ് ഒരു ഗുണഭോക്താവിനായി ഗ്രാമപ്പഞ്ചായത്ത് അധിക വിഹിതമായി നൽകേണ്ടത്.

മുകളിൽ വ്യക്തമാക്കിയതിൻ പ്രകാരം ഗ്രാമപ്പഞ്ചായത്ത് നൽകേണ്ടിയിരുന്ന തുക 422500/- രൂപയായിരുന്നു.(32500 x 13). 162500/- രൂപ അധികമായി ഗ്രാമപ്പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കി. ടി വിവരം ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻകചയറി (നം-15/02-07-2016) നൽകിയപ്പോൾ മാത്രമാണ് അപാകത നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെട്ടത്. അധികമായി അടവാക്കിയ തുക 2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന അധികവിഹിതത്തിൽ ക്രമീകരിക്കാത്ത സാഹചര്യത്തിൽ ആയത് 2016-17 സാമ്പത്തിക വർഷം ക്രമീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഐ.എ.വൈ അധിക വിഹിതമിനത്തിൽ (എസ്.സി.പി) അടവാക്കിയ തുകയ്ക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അധികമായി അടവാക്കിയ 162500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 പൾസ് പോളിയോ- സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവിട്ടു

2014-15 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പകർച്ചവ്യാധി തടയൽ (പ്രോജക്ട് നം- 39/15) എന്ന പ്രോജക്ട് പ്രകാരം പൾസ് പോളിയോ ഇമ്മ്യുണൈസേഷൻ പദ്ധതിയ്ക്കായി 25000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവിട്ടു. ചെക്ക് നം- 1903612/05-02-2015 പ്രകാരം 14675/- രൂപയും 1903613/16-03-2015 പ്രകാരം 10325/-രൂപയും ഉൾപ്പെടെ 25000/-രൂപയാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയത്.

സ.ഉ(സാധാ) നം-101/2015/ത.സ്വ.ഭ.വ തീയതി 13-01-2015 പ്രകാരം പൾസ് പോളിയോ ഇമ്മ്യുണൈസേഷൻ പദ്ധതിയ്ക്കായി ഗ്രാമപ്പഞ്ചായത്തിൽ 10000/- രൂപ മാത്രമെ ചെലവിടാൻ സാധിക്കുകയുള്ളൂ. ആയതിന് വിരുദ്ധമായി 15000/- രൂപ അധികമായിട്ടാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവിട്ടിട്ടുള്ളത്.സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അധികമായി ചെലവഴിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം നൽകാനുണ്ടെങ്കിൽ ആയത് അടിയന്തിരമായി സമർപ്പിക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം-13/2016 തീയതി 02-07-2016) മറുപടിയായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആശാ വോളന്റിയർമാർ ഗൃഹസന്ദർശനം നടത്തുന്ന വേളയിൽ ഒരു ദിവസം 125 വീടുകൾ സന്ദർശിക്കുന്നതിനാൽ നിലവിൽ നൽകുന്ന വേതനം (75 രൂപ) അപര്യാപ്തമാണെന്നും അതിനാൽ ഉച്ചഭക്ഷണത്തിനുള്ള തുക കൂടി നൽകുന്നതിനാണ് കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നുവെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ തുക വകയിരുത്തി പ്രോജക്ട് നടപ്പിലാക്കുന്നതിന് ഭരണസമിതിക്ക് നടപടി സ്വീകരിക്കാവുന്നതുമാണ്.

# 3-5 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും- നടപടിക്രമങ്ങൾ സുതാര്യമല്ല

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകളിലെ പ്രവർത്തിക്കാത്ത വൈദ്യുത ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 2014-15 ൽ വികസനഫണ്ടിൽ നിന്നും 100000/-രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.31.12.14 ൽ ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലത്തു പ്രവർത്തിക്കുന്ന ഗ്യാലക്സി ടെക്നോളജി സൊലൂഷൻസ് എന്ന സ്ഥാപനവുമായി ഉപകരണങ്ങൾ സപ്ളൈ ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും കരാറിലേർപ്പെട്ടു.15W,20W സി.എഫ്.എൽ ലാംപുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സപ്ളൈ ചെയ്തതിനും സ്ഥാപിച്ചതിനുമായി 99990/-രൂപ സ്ഥാപനം കൈപ്പറ്റിയിട്ടുണ്ട്.

പോസ്റ്റുകളിലെ കേടായ വൈദ്യുത വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനായി വിളക്കുകളുടെ എണ്ണം, പോസ്റ്റ്നമ്പർ എന്നിവ സഹിതം KSEB യിൽ നിന്നും ആവശ്യകതാ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചാണ് ഉപകരണങ്ങൾ വാങ്ങേണ്ടത്.വാങ്ങിയ വിളക്കുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ അംഗീകൃത കരാറുകാരനെ ടെണ്ടർ നടപടികളിലൂടെ കണ്ടെത്തേണ്ടതുമാണ്. തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ ,വിളക്കുകളുടെ തരം എന്നിവയുടെ വിവരം വാർഡ് തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിക്കേണ്ടതാണ്. കൂടാതെ മെയിന്റൻസിനായി ജനറൽ സ്റ്റോക്കിൽ നിന്നും കരാറുകാർ കൈപ്പറ്റുന്ന തെരുവുവിളക്കുകൾ സ്ഥാപിച്ച ശേഷം ആയതിന്റെ വിവരം മേൽസൂചിപ്പിച്ച രജിസ്റ്ററിൽ ബന്ധപ്പെട്ട വാർഡുകളിലെ വിവരങ്ങളോടൊപ്പം കരാറുകാരന്റെ കൈയ്യൊപ്പ് സഹിതം രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ അവരവരുടെ വാർഡുകളിൽ വിളക്കുകൾ സ്ഥാപിച്ചതായി (പോസ്റ്റ് നമ്പർ സഹിതം) വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പാക്കിയത്. തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള റിക്വയർമെന്റ് ഇല്ലാതെ, സപ്ളൈ ചെയ്ത ഉപകരണങ്ങൾ വാർഡ് മെമ്പർമാർ കൈപ്പറ്റുകയാണുണ്ടായത്. ഇവ സ്ഥാപിക്കുന്നതിന് അംഗീകൃത കരാറുകാരനെ ഏല്പിക്കാതെ സ്ഥാപനം നേരിട്ട് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടിയും സുതാര്യമല്ല.പ്രസ്തുത വിളക്കുകൾ സ്ഥാപിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.ഇതിന്റെ അടിസ്ഥാനത്തിൽ വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും ഭരണസമിതിയും ഉദ്യോഗസ്ഥരും കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 നെൽപ്പാടങ്ങൾ തരിശ് കിടക്കുന്നു-കൃഷിയിറക്കാൻ നടപടികൾ ഇല്ല

ഭക്ഷ്യവിളകളുടെ വിളവിസ്തൃതി വർദ്ധിപ്പിച്ചും ഉല്പാദനക്ഷമത കൂട്ടിയും ഉല്പാദന നടപടികൾ സാദ്ധ്യമാക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് 12-ാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയുടെ വികസനത്തിനാവശ്യമായ പദ്ധതികൾ ഏറ്റെടുക്കുന്നില്ല.12-ാം പദ്ധതിയുടെ ഭാഗമായി നാളിതുവരെ നെൽകൃഷി ഉല്പാദനത്തിനായി ഏറ്റെടുത്ത പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിയുടെ പേര് നം | ചെലവഴിച്ച തുക |
|---|---|---|
| 2012-13 | സമഗ്ര നെൽകൃഷി വികസനം/58/13 | 100000 |
| 2013-14 | “ 14/14 | 62100 |
| 2014-15 | “ 68/15 | 46200 |
| 2015-16 | 1. “ 73/16 | 100000 |

ഗ്രാമപഞ്ചായത്തിൽ 4പാടശേഖരങ്ങളിലായി 210 ഹെക്ടർ നിലമാണുള്ളത്.ഇതിൽ കുടുന്ത പാടശേഖരത്തിന്റെ 11 ഹെക്ടറിൽ മാത്രമാണ് നെൽകൃഷിയിറക്കുന്നത്.അവശേഷിക്കുന്ന 199 ഹെക്ടർ സ്ഥലം തരിശുകിടക്കുകയാണ്.2012-13 ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയം ഉൾപ്പെടുത്തിയിരുന്നു എങ്കിലും നാളിതുവരെ ഈ ഭൂമി കൃഷിയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. 2014-15 ൽ 75000/- രൂപ വകയിരുത്തി നെൽകൃഷി വികസനത്തിനായി പദ്ധതി വച്ചെങ്കിലും 46200രൂപ മാത്രം നെൽവിത്തിനുള്ള സബിസിഡി ഇനത്തിൽ ചെലവഴിക്കുകയാണുണ്ടായത്.കൃഷിയ്ക്കാവശ്യമായ വളം നൽകാതെ വിളവ് മെച്ചപ്പെടുത്താൻ സാദ്ധ്യമല്ല എന്നിരിക്കെ ഫണ്ട് ചെലവഴിക്കാൻ മാത്രമായി പദ്ധതികൾ ഒതുങ്ങുന്നു എന്ന് വ്യക്തമാകുന്നു. മറ്റ് കാർഷികപദ്ധതികൾ നടപ്പാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ബഹുദൂരം പിന്നിലാണ്.

ജില്ലാ,ഗ്രാമപഞ്ചായത്തുകൾ വഴി ലഭിച്ച 2 ട്രാക്ടറുകൾ,ടില്ലർ, മെതിയന്ത്രം,ഞാറു നടീൽ യന്ത്രം,പവർ വീഡർ തുടങ്ങിയ കാർഷിക യന്ത്രോപകരണങ്ങളുടെ നിലവിലെ അവസ്ഥ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.കാർഷിക യന്ത്രോപകരണങ്ങളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുപ്രസിഡന്റ് അദ്ധ്യക്ഷനായും കൃഷി ഓഫീസർകൺവീനറും ആയി ഒരു സമിതി രൂപീകരിക്കേണ്ടതും യന്ത്രോപകരണങ്ങളുടെ നിയന്ത്രണം, നടത്തിപ്പ്, മേൽനോട്ടം എന്നിവ ഈ സമിതിയുടെ മേൽനോട്ടത്തിലായിരിക്കേണ്ടതും വരവു ചെലവുകണക്കുകൾ കൃഷി ഓഫീസർ പരിശോധിക്കേണ്ടതുമാണ്.എന്നാൽ നാളിതുവരെ കൃഷിഭവനു ലഭിച്ചിട്ടുള്ള കാർഷിക ഉപകരണങ്ങൾ സംബന്ധിച്ച് രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ കൃഷിഭവനിൽ സൂക്ഷിക്കുന്നില്ല. കാർഷിക

ഉപകരണങ്ങളുടെ ഇപ്പോഴത്തെ ഉടമസ്ഥതയും അവ കർഷകർക്ക് ലഭ്യമാക്കുന്ന വിവരവും വരവു ടെലവു കണക്കുകളും കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

കാർഷികമേഖലയിൽ പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ കൂടുന്നില്ല.തൊഴിലുറപ്പുപദ്ധതിയുടെ എല്ലാ സാദ്ധ്യതകളും പരിഗണിച്ചു കൊണ്ടാവണം കാർഷിക മേഖലയുടെ സമഗ്രവികസനത്തിനു രൂപം കൊടുക്കേണ്ടത് . തൊഴിലുറപ്പു പദ്ധതിയിലൂടെ ചെയ്യാൻ കഴിയാത്ത പ്രവർത്തനങ്ങൾക്കാകണം കാർഷിപദ്ധതികളിൽ മുൻഗണന നൽകേണ്ടത്.NREGA സ്റ്റേറ്റ് മിഷന്റെ 31.03.16 ലെ 1926/EGSC/14/NREGS ഉത്തരവുപ്രകാരം തൊഴിലുറപ്പു പദ്ധതി ഫണ്ടിൽ നിന്നും 60% തുക ചെലവഴിക്കേണ്ടത് കാർഷികമേഖലയുടെ വികസനത്തിനാകണം എന്നു നിഷ്കർഷിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നിയമം പട്ടിക1 ഖണ്ഡിക(4) ഉപഖണ്ഡിക (2)അനുസരിച്ച് ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവർത്തികളുടെ 60% വും ഭൂമി,ജലം,മരങ്ങൾ എന്നിവയുടെ വികസനത്തിലൂടെ ഉല്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള കൃഷിയും അനുബന്ധമേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തികളാകണം എന്ന് ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.

തൊഴിലുറപ്പുപദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പദ്ധതികൾക്ക് രൂപം നൽകുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്.തരിശുഭൂമി കൃഷിയുക്തമാക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകൾ വഴി കൂട്ടായ പ്രവർത്തനത്തിലൂടെ കാർഷികപദ്ധതികൾ നടപ്പിലാക്കുന്നതിനും ശ്രദ്ധക്കേണ്ടതാണ്.അതുവഴി കാർഷികമേഖലയുടെ തകർച്ചയ്ക്ക് പരിഹാരം കാണാൻ സാധിക്കുന്നു. കൃഷിയിൽ സ്വയംപര്യാപ്തത നേടാൻ കഴിഞ്ഞാൽ ഉല്പാദനോപാധികൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥ തടയാൻ സാധിക്കുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-7 ഏത്തവാഴയ്ക്ക് വളം -സബ്സിഡി മുൻകൂർ നൽകി

| | |
|---|---|
| പ്രോജക്ട് നം | 69/15 |
| ചെലവഴിച്ച തുക | 50000/- |
| ബിൽ നം | 2/14-15/30.03.15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

2014-15 ൽ 50000/- രൂപ വകയിരുത്തി ഏത്തവാഴകൃഷിയ്ക്ക് വിത്തും വളവും വിതരണം ചെയ്യുന്നതിന് പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.കർഷകർ നേരിട്ട് വിത്തും വളവും വാങ്ങി കൃഷി ചെയ്യുന്നത് കൃഷി ഓഫീസർ പരിശോധിച്ച് ഉറപ്പു വരുത്തി സബ്സിഡി അവരുടെ അക്കൌണ്ടിൽ നൽകിയാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ

ഏത്തവാഴയ്ക്ക് വളം വാങ്ങിയതിന്റെ ബില്ലിലെ രേഖകൾ കൃത്യമല്ലാത്തതിനാൽ പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നില്ല എന്നു ഓഡിറ്റ് വിലയിരുത്തുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പേരും മേൽവിലാസവും | വളം വാങ്ങിയതിന് നൽകിയ സബ്സിഡി | വളം വാങ്ങിയ തീയതി |
|---|---|---|---|
| 1 | ജോസഫ് ജോൺ<br>ആഞ്ഞിലിമേലിൽ<br>കുളത്തൂർ<br>ചിറയിറമ്പ് | 1500 | 03/06/15 |
| 2 | തങ്കമ്മ മാത്യു<br>വെട്ടോലിൽ<br>ചെട്ടിമുക്ക് | 1500 | 01/06/15 |
| 3 | കുഞ്ഞമ്മബേബി<br>വടക്കേത്ത്<br>മാരാമൺ | 1500 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | സുബി ബോബൻ,<br>അഴകത്ത്<br>മണ്ണൂർ | 1000 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | കെ. വിജയകുമാരി,<br>കരക്കാട്ടിൽ ഹൌസ്<br>ചിറയിറമ്പ് | 1000 | രേഖപ്പെടുത്തിയിട്ടില്ല |
| 6 | മനുകുമാർഎം.റ്റി, | 1000 | രേഖപ്പെടുത്തിയിട്ടില്ല |

മോഹനവിലാസം

മൈലാടുംപാറ

കുറിയന്നൂർ

ആകെ 7500

പദ്ധതിത്തുക മാറിയതിനുശേഷം ജൂൺ മാസത്തിൽ ഹാജരാക്കിയ ബിൽ പ്രകാരവും തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത ബിൽപ്രകാരവും സബിസിഡി അക്കൌണ്ടിൽ നൽകിയത് കൃഷി ചെയ്തത് ഉറപ്പു വരുത്താതെയാണ് എന്നു വ്യക്തമാണ്. ആയതിനാൽ മേൽ സൂചിപ്പിച്ച കർഷകർക്ക് വളം വാങ്ങിയതിന് സബ്സിഡി ഇനത്തിൽ നൽകിയ 7500/-രുപയ്ക്ക് ഓഡിറ്റ് തടസ്സവാദമുന്നയിക്കുന്നു

## 3-8 ഭവന നിർമ്മാണം -പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | ഭവന നിർമ്മാണം (എസ്.സി.പി)<br>58/15 |
| വകയിരുത്തിയ തുക | 600000/- |
| ചെലവ് തുക | 360000/- |
| ബിൽ നമ്പരും തീയതിയും | 13/14-15 തീ 16-03-2015 (120000/-)<br>18/14-15 തീ 30-03-2015 (240000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

ടി പദ്ധതി പ്രകാരം 120000/- രൂപ കൈപ്പറ്റിയ ശ്രീമതി.പൊന്നമ്മ കെ.കെ, കണ്ണമ്പാറ, കോളഭാഗം.പി.ഒ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം ഓഡിറ്റ് സമയത്തും പൂർത്തീകരിച്ചില്ലായെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എൻകചയറിക്ക് (നം-15/ തീയതി 02-07-2016) മറുപടിയായി അറിയിച്ചത്. അക്കൗണ്ട് നം- 67263019786 (എസ്.ബി.റ്റി,

ചെട്ടിമുക്ക്) എന്ന അക്കൗണ്ടിലേക്കാണ് 80000/- രൂപ, 40000/- രൂപ എന്നിങ്ങനെ 120000/- രൂപ രണ്ട് ഗഡുക്കളായി നിർവ്വഹണ ഉദ്യോഗസ്ഥൻ ക്രഡിറ്റ് ചെയ്ത് നൽകിയത്. എന്നാൽ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ആയത് പൂർത്തീകരിക്കുന്നതിനോ നൽകിയ തുക തിരികെ ഈടാക്കുന്നതിന് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി.

| | | | |
|---|---|---|---|
| പ്രോജക്ട് നം | 17/15 | | |
| പ്രോജക്ടിന്റെ പേര് | ഭവന (ജനറൽ) | പുനരുദ്ധാരണം | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ | | |
| വകയിരുത്തിയ തുക | 750000/- | | |
| ചെലവ് തുക | 750000/- | | |
| ബിൽ നമ്പരും തീയതിയും | 14/14-15 (450000/-) | തീ | 16-03-2015 |
| | 17/14-15 (300000/-) | തീ | 30-03-2015 |

പ്രോജക്ട് പ്രകാരം 30 ഗുണഭോക്താക്കൾക്ക് 15000/- രൂപ വീതം സബ്സിഡി നൽകി. എന്നാൽ പ്രോജക്റ്റ് പ്രകാരം ആനുകൂല്യം നൽകിയ സുരേന്ദ്രൻ നായർ, മഠത്തിൽ വീട്, കുറിയന്നൂർ.പി.ഒ എന്നയാൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അക്കൗണ്ട് നം- 48032200008376 ( സിൻഡിക്കേറ്റ് ബാങ്ക് ) എന്ന അക്കൗണ്ടിലേക്കാണ് 15000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്രഡിറ്റ് ചെയ്ത് നൽകിയത് . ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുകയായ 15000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-10 എം.എൻ ലക്ഷംവീട്- ഹൗസിംഗ് ബോർഡ് വിഹിതം- പൂർണ്ണമായും വിനിയോഗിച്ചില്ല.

ഗ്രാമപ്പഞ്ചായത്തിലെ 21എം.എൻ ലക്ഷം വീടുകളുടെ നവീകരണത്തിനായി 2009-10 സാമ്പത്തിക വർഷമാണ് പ്രോജക്ട് ആവിഷ്കരിച്ചത്. എന്നാൽ ഓഡിറ്റ് സമയത്തും ഹൗസിംഗ് ബോർഡിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്ത അവസ്ഥയിലാണ്.

പദ്ധതി പ്രകാരം 13 ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതവും 2 ഗുണഭോക്താക്കൾക്ക് 67500/- രൂപയും 2 ഗുണഭോക്താക്കൾക്ക് 65000/- രൂപയും ഉൾപ്പെടെ ആകെ 1240000/- (75000 x 13 + 67500 x 2 +65000 x 2 = 1240000/-) രൂപയാണ് ഓഡിറ്റ് സമയം വരെ ചെലവഴിച്ചത്. പദ്ധതിക്കായി ലഭിച്ചതും ചെലവഴിച്ചതും അവശേഷിക്കുന്നതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|
| ഭവനനിർമ്മാണ ബോർഡ് വിഹിതം | 650000 | 475000 | 175000 |
| പദ്ധതി വിഹിതം | 650000 | 615000 | 35000 |
| സംഭാവന | 225000 | 150000 | 75000 |
| ആകെ | 1525000 | 1240000 | 285000 |

അവസാന ഗഡു തുക കൈപ്പറ്റാതെ അവശേഷിക്കുന്ന നാല് ഗുണഭോക്താക്കളും 2009-10,2010-11 കാലയളവിലാണ് ഭവനനിർമ്മാണം നടത്തിയതിന്റെ തുക കൈപ്പറ്റിയിട്ടുള്ളത്. പിന്നീട് ഇക്കാര്യത്തിൽ യാതൊരു വിധ തുടർനടപടികളും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ടി സാഹചര്യത്തിൽ ഭവനനിർമ്മാണ ബോർഡ് നൽകിയ തുകയിൽ അവശേഷിക്കുന്ന 175000/- രൂപ തിരികെ അടവാക്കേണ്ടതാണ്. ആയതുപോലെ വികസന ഫണ്ടിനത്തിൽ ബാക്കിയുള്ള 35000/- രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.ടി വിഷയത്തിൽ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരങ്ങൾ അറിയിക്കേണ്ടതാണ്.

# 3-11 ഇ.എം.എസ് ഭവന പദ്ധതി - മൂന്ന് ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

2009-10 സാമ്പത്തിക വർഷമാണ് ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയത്. 74 ഗുണഭോക്താക്കളാണ് കരാർ വച്ച് ഭവനനിർമ്മാണം ആരംഭിച്ചത്. ഇതിൽ 71 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു തുക കൈപ്പറ്റിയിരുന്നു. എന്നാൽ മൂന്ന് പേർ ഇപ്പോഴും ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ അവസാന ഗഡു തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-15 തീയതി 02-07-2016) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | അക്കൗണ്ട് നം | നൽകിയ തുക | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| ശമുവേൽ ജോർജ്ജ് ചരിവ് പുരയിടത്തിൽ കുറിയന്നൂർ | 1816 | 67500 | സാമ്പത്തിക പ്രശ്നം | കതക് ഇടുകയോ വൈദ്യുതീകരിക്കുകയോ ചെയ്തിട്ടില്ല |
| മാത്യു.എം.ജെ മേമന കോളഭാഗം | 1818 | 67500 | മാനസിക വെല്ലുവിളികൾ നേരിടുന്നു. | മേൽക്കൂരയുടെ നിർമ്മാണം പൂർത്തീകരിക്കുകയോ വൈദ്യുതീകരിക്കുകയോ ചെയ്തിട്ടില്ല |
| ജോൺ എബ്രഹാം നിരവിൽ കോളനി കുറിയന്നൂർ | 2141 | 67500 | ഗുണഭോക്താവ് മരിച്ചുപോയി | ജനൽ നിരപ്പ് വരെ മാത്രമെ പണി പൂർത്തീകരിച്ചിട്ടുള്ളൂ. |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്കും ഗ്രാമപഞ്ചായത്തിൽ നിന്നും 7500/- രൂപ വീതം മാത്രമാണ് ഇനി നൽകാൻ അവശേഷിക്കുന്നത്. എന്നാൽ ടി തുക മാത്രമുപയോഗിച്ചുകൊണ്ട് ഭവനനിർമ്മാണം ഇനി പൂർത്തീകരിക്കാൻ കഴിയാത്ത ഒരവസ്ഥയാണുള്ളത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ഇക്കാര്യത്തിൽ ക്രിയാത്മകമായ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും. സന്നദ്ധ സംഘടനകളുടെയോ ഉദാരമതികളായ വ്യക്തികളുടെയോ സഹകരണം ഇക്കാര്യത്തിൽ ഉറപ്പുവരുത്തുന്നതിന് ഭരണസമിതിക്ക് നടപടികൾ

സ്വീകരിക്കാവുന്നതാണ്. ഉചിതമായ നടപടികൾ സ്വീകരിച്ച് മൂന്ന് കുടുംബങ്ങളുടെയും ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-12 ഇ.എം.എസ് ഭവന പദ്ധതി (എസ്.സി)- തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

2009-10 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ.എം.എസ് ഭവന പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി പ്രോജക്ട് (നം-107/10) ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. പ്രോജക്ടിനത്തിൽ 307875/- രൂപ ബിൽ നം- 12/09-10/30-03-2010 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും വി.ഇ.ഒ യുടെയും പേരിലുള്ള തോട്ടപ്പുഴശ്ശേരി റീജിയണൽ സഹകരണ ബാങ്കിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം-1762) നിക്ഷേപിച്ചു. എന്നാൽ ടി തുക ഓഡിറ്റ് സമയത്തും ചെലവഴിച്ചിട്ടില്ല.

ഗുണഭോക്താക്കളെ മുൻകൂട്ടി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കാതെയാണ് ടി തുക മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചത്. ചെലവ് മുൻകൂട്ടി വികസന ഫണ്ട് പിൻവലിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ധനവിനിയോഗ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. പലിശ ഉൾപ്പെടെ 31-03-2016 ൽ അവശേഷിച്ചിരിക്കുന്ന തുക 348140/- രൂപയാണ്. ടി സാഹചര്യത്തിൽ പലിശ ഉൾപ്പെടെ അക്കൗണ്ടിൽ അവശേഷിക്കുന്ന 348140/- രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 3-13 തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്- തനത് ഫണ്ട് ചോർത്തുന്നു.

തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 2015 മാർച്ച് മാസം ഗ്രാമപഞ്ചായത്ത് അടവാക്കിയത് 58748/- രൂപയാണ്. തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിന് BO(FM)(Genl) No- 1947/2012 (Comml-II Street light/12-13 ) Tvpm dtd 19-10-2012 നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി അനുവദിച്ച 50 % സബ്സിഡി ആനുകൂല്യത്തിന്റെ കാലാവധി 31-12-2014 വരെ മാത്രമായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ആനുകൂല്യം ഉപയോഗപ്പെടുത്തിയില്ല. 2016-17 സാമ്പത്തിക വർഷം മാത്രമാണ് ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിന് യഥാസമയം പദ്ധതി തയ്യാറാക്കി നടപ്പാക്കിയിരുന്നുവെങ്കിൽ കറന്റ് ചാർജ്ജിനത്തിൽ ചെലവഴിക്കുന്ന വൻതുക ഗ്രാമപഞ്ചായത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമായിരുന്നു.

കെ.എസ്.ഇ.ബി യിൽ നിന്നുമുള്ള താരിഫ് സ്റ്റേറ്റ്മെന്റ് പ്രകാരം ഒരു സാധാരണ ബൾബിന് ഒരു മാസം കറന്റ് ചാർജ്ജിനത്തിൽ 61/- രൂപയും സി.എഫ്.എൽ ബൾബിന് 28/- രൂപയുമാണ്. ഇപ്രകാരം 493 സാധാരണ ബൾബുകളുടെ

കറന്റ് ചാർജ്ജിനത്തിൽ മാസം തോറും 30073/- രൂപയാണ് ഗ്രാമപഞ്ചായത്ത് പ്രതിമാസം അടവാക്കുന്നത്. എന്നാൽ കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ സാധാരണ ബൾബുകൾ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടില്ല. ആയതുപോലെ നിലവിൽ സാധാരണ ബൾബുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ലായെന്നുമാണ് എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതി അംഗങ്ങൾ അറിയിച്ചത്. ഇതിൽ നിന്നും ആകെ അടവാക്കുന്ന കറന്റ് ചാർജ്ജിൽ പകുതിയിൽ കൂടുതലും നിലവിലില്ലാത്ത സാധാരണ ബൾബുകളുടെ കറന്റ് ചാർജ്ജിനത്തിലാണെന്നാണ് ഓഡിറ്റിന് വ്യക്തമാകുന്നത്.ആയതിനാൽ ഗ്രാമപഞ്ചായത്തധികൃതരും കെ.എസ്.ഇ.ബി യുമായി ചേർന്ന് ഒരു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതും കറന്റ് ചാർജ്ജിനത്തിലുള്ള വൻ ബാധ്യത ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-14 വെള്ളക്കരം -ഗ്രാമപ്പഞ്ചായത്തിന്റെയും വാട്ടർ അതോറിറ്റിയുടെയും കണക്കുകൾ വ്യത്യസ്തം

2008-09 മുതൽ 2014-15 സാമ്പത്തിക വർഷം വരെ വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് 4262888/- രൂപയാണ് അടവാക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം പ്രസ്തുത കാലയളവിൽ 5686582/- രൂപയാണ് അടവാക്കിയിട്ടുള്ളത്. മേൽ തുകയിലുള്ള വ്യത്യാസം 1423694/- രൂപയാണ്. അടവാക്കിയ തുകയിലെ വ്യത്യാസത്തോടൊപ്പം തന്നെ വാട്ടർ ടാപ്പുകളുടെ എണ്ണത്തിലും ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ പൊരുത്തക്കേട് നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്ത് 147 ടാപ്പുകൾ മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. 2011 നവംബർ, 2014 നവംബർ എന്നിങ്ങനെ രണ്ട് പ്രാവശ്യം സംയുക്ത പരിശോധന നടത്തിയെങ്കിലും വാട്ടർ ടാപ്പുകളുടെ എണ്ണത്തിൽ യാതൊരു വ്യത്യാസവും വാട്ടർ അതോറിറ്റി വരുത്തിയിട്ടില്ല. ഓഡിറ്റ് സമയത്തും ടാപ്പുകളുടെ എണ്ണത്തിലെ പൊരുത്തക്കേട് പരിഹരിക്കാൻ ഇരുകൂട്ടർക്കും കഴിഞ്ഞിട്ടില്ല. വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും തമ്മിലുള്ള കണക്കുകളിലെ വ്യത്യാസവും വാട്ടർ ടാപ്പുകളുടെ എണ്ണത്തിലെ പൊരുത്തക്കേടും അപാകതകൾ പരിഹരിക്കേണ്ടതിനെക്കുറിച്ചും 2013-14 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ 3-14 ആയി വിശദമായ പരാമർശം ഉൾപ്പെടുത്തിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ 04-08-2015 ൽ സെക്രട്ടറി, പ്രസിഡന്റ് , സെക്ഷൻ ക്ലർക്ക് എന്നിവർ വാട്ടർഅതോറിറ്റി എം.ഡി യെ നേരിൽക്കണ്ട് വിവരങ്ങൾ ബോധ്യപ്പെടുത്തിയിരുന്നു. വൺ ടൈം സെറ്റിൽമെന്റ് വഴി പരിഹാരം കാണാം എന്ന് വാട്ടർഅതോറിറ്റി എം.ഡി അറിയിക്കുകയും ചെയ്തു.ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് 04/2014 മുതൽ 09/2015 വരെയുള്ള 147 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 1029006/-രൂപയുടെ ഡി.ഡിയും (ഡി.ഡി നം-857628/29-09-2015) അപാകതകൾ പരിഹരിക്കണമെന്ന് കാട്ടി 30-09-2015 ലെ C2-2507/14- ാം നമ്പർ പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ,കേരള വാട്ടർഅതോറിറ്റി ,തിരുവല്ലയ്ക്ക് കത്ത് നൽകുകയും ചെയ്തു. കത്തിന്റെ പകർപ്പ് പഞ്ചായത്ത്

ഡയറക്ടർ,വാട്ടർ അതോറിറ്റി എം.ഡി എന്നിവർക്ക് സമർപ്പിക്കുകയും ചെയ്തു.ടി തുക ആകെ ഡിമാന്റ് തുകയിൽ നിന്നും നവംബർ 2015 ലെ ബില്ലിൽ വാട്ടർഅതോറിറ്റി കുറവ് ചെയ്യുകയും ചെയ്തു.എന്നാൽ ഡിമാന്റ് തുകയിലെ വ്യത്യാസം പരിഹരിക്കുന്നതിനോ ടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിനോ വാട്ടർഅതോറിറ്റി തയ്യാറായില്ല.

2016 ജൂൺ മാസത്തിലെ ബിൽ പ്രകാരം 237 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് അടവാക്കേണ്ട തുക 3318033/- രൂപയാണ്. 09/2015 നു ശേഷം വെള്ളക്കരം ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടില്ല. ആയതിനാൽ ഡിമാന്റ് തുകയുടെ 10% എന്ന നിരക്കിൽ ഫൈൻ തുകയും അടവാക്കേണ്ട തുകയ്ക്കൊപ്പം കൂട്ടിച്ചേർക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ടി വിഷയം ഗ്രാമപഞ്ചായത്തധികൃതർ പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വെള്ളക്കരമിനത്തിലെ ഗുരുതരമായ അപാകതയ്ക്ക് തീർപ്പ് കല്പിക്കേണ്ടതാണ്.

# 3-15 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

തൻവർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകളുടെ സൂക്ഷിപ്പിലും ഉണ്ടായ അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടികൾ സുതാര്യമായിരുന്നില്ല.കരാറുകാർ മുഖേന ചെയ്ത എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചത്. ഭൂരിഭാഗം പ്രവൃത്തികളുടെ സംഗതിയിലും, രണ്ട് ടെണ്ടറുകളിലും നിരക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത് ഒരേ കൈപ്പടയിലാണ്. എസ്റ്റിമേറ്റ് റേറ്റിലാണ് എല്ലാ ടെണ്ടറുകളും അംഗീകരിക്കപ്പെട്ടത്.

2. ഗുണഭോക്തൃസമിതികൾ മുഖേന ചെയ്ത പ്രവൃത്തികളുടെ രേഖകൾ സുതാര്യമായിരുന്നില്ല. കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള അക്കൗണ്ടിലൂടെയുള്ള പണമിടപാടുകൾ പരിശോധിക്കുകയോ, പാസ്സ് ബുക്കിന്റെ പകർപ്പ് വാങ്ങുകയോ ചെയ്തിട്ടില്ല. ഏതാനും പ്രവൃത്തികളുടെ സംഗതിയിൽ, കൺവീനറുടെയും അംഗങ്ങളുടെയും എഗ്രിമെന്റ് എന്ന പേരിൽ യാതൊന്നും രേഖപ്പെടുത്താത്ത മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ഉള്ളത്. (ഉദാ - പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ബാക്കി പണി (SO 103/15, ചെലവ് - 105567, കൺവീനർ - സി.ജെ.ജോർജ്, വെട്ടത്തേരിൽ പറമ്പിൽ, മാരാമൺ ), ചേന്നമല റോഡ് പുനരുദ്ധാരണം (SO 98/15, ചെലവ് - 548979, കൺവീനർ - പ്രീതാ രാജേന്ദ്രൻ, കോയിപ്പുറത്ത് വടക്കേതിൽ, കോളഭാഗം)). SO 103 / 15 ന്റെ ഗുണഭോക്തൃസമിതി രൂപീകരണം സംബന്ധിച്ച രേഖകൾ സൂതാര്യമായിരുന്നില്ല . കൺവീനറുടെ ഒപ്പ് ഒഴികെ ബാക്കി പേരും ഒപ്പുകളും കൃത്രിമമായി ചമച്ചിട്ടുള്ളതാണ്.

3. വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കിയ വാറ്റ്, ആദായ നികുതി എന്നിവ ഒടുക്കിയതിന്റെ ചെലാൻ പകർപ്പുകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ഇവ പ്രത്യേകം ഫയൽ ചെയ്യുന്നുണ്ടെങ്കിലും രേഖകൾ പൂർണ്ണമല്ല.

ഗുണഭോക്തൃ സമിതികളുടെ പണമിടപാടുകൾ സംബന്ധിച്ച രേഖകളും ടെണ്ടർ നടപടികളും സുതാര്യമാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 3-16 അന്വേഷണം പൂർത്തിയായ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2013-14, 2014-15 വർഷങ്ങളിൽ വാർദ്ധ്യകൃകാലപെൻഷൻ ,വിധവാപെൻഷൻ എന്നീ ഇനങ്ങളിൽ ലഭിച്ച 69 അപേക്ഷകൾ അന്വേഷണം കഴിഞ്ഞ് അർഹത സ്ഥിരീകരിക്കപ്പെട്ടെങ്കിലും നാളിതുവരെ തീർപ്പാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ വരുമാനപരിധി തെളിയിക്കുന്ന സാക്ഷ്യപത്രം ലഭിക്കാത്തതാണ് ഇതിനു കാരണം. വരുമാന സർട്ടിഫിക്കറ്റ് അടിയന്തിരമായി ലഭ്യമാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി അപേക്ഷകർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 ആശ്രയപദ്ധതി രണ്ടാംഘട്ടം - ലഭിച്ച ഫണ്ട് അപര്യാപ്തം

ആശ്രയപദ്ധതിയുടെ രണ്ടാംഘട്ടം 82 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2013 ൽ ആരംഭിച്ചു. വികസനഫണ്ട് 85,30,980/- രൂപയും ചലഞ്ച്ഫണ്ട് 15,40,000/- രൂപയും ഉൾപ്പെടെ ആകെ 1,00,70,980/-രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക.വികസനഫണ്ട് വകയിരുത്തിയതിന്റെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക |
|---|---|---|
| വസ്തു വാങ്ങൽ | 3 | 2,25,000 |
| ഭവന നിർമ്മാണം | 18 | 36,00,000 |
| ഭവന പുനരുദ്ധാരണം | 55 | 13,75,000 |
| തൊഴിൽസഹായം | 18 | 4,50,000 |
| ടോയ് ലറ്റ് നിർമ്മാണം | 67 | 5,36,000 |
| കുടിവെള്ളം | 53 | 7,95,000 |
| പെൻഷൻ | 38 | 9,57,000 |
| പഠനസഹായം | 20 | 5,392380/- |

ആകെ 8530980

വികസനഫണ്ട് ഇനത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 3,00,000/- രൂപ ലഭിച്ചിട്ടുണ്ട്. ടി തുക 12 ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണത്തിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.ചലഞ്ച്ഫണ്ട് ഇനത്തിൽ 15,40,000/- രൂപ വകയിരുത്തിയെങ്കിലും നാളിതുവരെ 5,13,333/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ടി തുകയിൽ നിന്ന് ഭക്ഷണം,വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി നാളിതുവരെ 438526/ രൂപ ചെലവഴിച്ചിട്ടുണ്ട്.ജില്ലാപഞ്ചായത്ത് ഫണ്ട്,ബ്ളോക്ക്പഞ്ചായത്ത്ഫണ്ട് എന്നിവ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. വികസനഫണ്ട് ലഭിക്കാത്ത കാരണത്താൽ പ്രസ്തുത ഫണ്ടിൽ നിന്നും വകയിരുത്തിയ ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നൽകാൻ കഴിയുന്നില്ല. ആശ്രഫണ്ടിന്റെ അപര്യാപ്തത ദൂരീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 വായ്പ / വായ്പ തിരിച്ചടവ്

2014-15 സാമ്പത്തിക വർഷത്തെ വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / | സാമ്പത്തിക വർഷം | ഉത്തരവ് നമ്പർ / | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻ വർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | | തീയതി | | ബാക്കിയുണ്ടായിരുന്ന തുക | തുക മുതൽ പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| EMS ഭവന പദ്ധതി | 2014-15 | സ.ഉ (സാധാ )563/2010/ ത.സ്വ.ഭ.വ തീയതി 22-02-2010 | 6462681 | 3472281 | 747600 | 2724681 |

# 4-4 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

# 4-5 ഓഡിറ്റ് റിക്കവറി

1) **<u>ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അടവിൽ കുറവ് / അധികച്ചെലവ് എന്നിവയുടെ തിരിച്ചടവ്</u>**

**ഇല്ല.**

**<u>2)മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള റിക്കവറി</u>**

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് / ഔദ്യോഗിക പേര് | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2002-03 | 3-2<br>3-3 | 2603<br>400 | ചാണ്ടി കോശി, എൽ.ഡി.സി | 11402101783/03-07-2014 |

# 4-6 ഓഡിറ്റ് പ്രത്യവലോകനം

**(എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | **44861273** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | **34646916** |
| വരവിനങ്ങളിലുള്ള നഷ്ടം : | **ഇല്ല** |
| ചെലവിനങ്ങളിലുള്ള നഷ്ടം/ : | |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക : | **15000** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : | **202752** |

**(ബി)** **<u>പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം | നഷ്ടമായ തുക ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-9 | | 15000/- | രജിത്.യു.ആർ<br>വി.ഇ.ഒ |

**<u>തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 32752/- | ശ്രീ സാം മാത്യു |

| | | |
|---|---|---|
| | | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,<br><br>ശ്രീ.പി.സി.രാഘവൻ<br><br>അസിസ്റ്റന്റ്എൻജിനീയർ(തുല്യ ഉത്തരവാദിത്വം) |
| 3-3 | 162500/- | ശ്രീ.രജിത്.യു.ആർ<br><br>വി.ഇ.ഒ |
| 3-7 | 7500/- | ശ്രീ അജയകുമാർ<br><br>കൃഷി ഓഫീസർ |
| **ആകെ** | **202752** | |

**സി)<u>കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>**

| *പേരും ഉദ്യോഗപ്പേരും* | *ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം* | *സ്ഥിരം മേൽവിലാസം* |
|---|---|---|
| ശ്രീ.രജിത്.യു.ആർ | കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ | ഉത്തരാപ്പള്ളിൽ ഹൗസ് |

| | | |
|---|---|---|
| വി.ഇ.ഒ | സഹകരണ വകുപ്പ്<br>ആലപ്പുഴ | വരനാട്.പി.ഒ<br>ചേർത്തല<br>ആലപ്പുഴ |

# 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഒഴിവാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി3 /161/00 തീ. 25-08-2000 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി7 /260/99 തീയതി 24-09-2009/ 27-07-2010 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 5/302/11 തീയതി 03-06-2011/13-09-2012 | |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി 8/943/12 തീയതി 16-02-2011<br>തീയതി 16-12-2011 / 10-05-2013 | |

| | |
|---|---|
| 2011-12 മുതൽ<br>2012-13 വരെ | എൽ.എഫ്.പി.റ്റി.എ-പി8/684/14തീയതി 19-11-2014/12-01-2015 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി 8/325/15 തീയതി 17-6-15/16-07-15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട ജില്ല**

## അനുബന്ധം

നം.കെ.എസ്.എ.പി.റ്റി.എ.പി 8/733/16 തീയതി 07-07-2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2014-15ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSAPTA P 8/733/16 Dated 07-07-2016

**CERTIFICATE**

Certified that I have examined the Annual Financial Statement of **Thottappuzhasery Grama Panchayat** in Pathanamthitta district for the year ended on 31.03.2015 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Thottappuzhasery Grama Panchayat** for the year 2014-15 except the obeservations in my report properly presents the picture of income and expenditure.

Deputy Director (HG.)

Kerala State Audit Department

Pathanamthitta